(ഡി) നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം വായ്പ നൽകുന്നതിലുള്ള പുരോഗതി വിലയിരുത്തിയതിനുശേഷം ആവശ്യമാണെങ്കിൽ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ യൂണിയനിലേക്കുള്ള നിയമനം പി. എസ്. സി.- ക്ക് വിടാൻ നടപടി

*16 [619] *ശ്രീ. എ. കെ. ബാലൻ:*
,, *ടി. കെ. ബാലൻ:*
,, *പി. സി. ജോർജ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനിൽ ഏതാനും തസ്തികകളിലേക്ക് പുതുതായി നിയമനം നടത്തിയതിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിൽ എത്രപേരെ വീതം നിയമിച്ചത് സംബന്ധിച്ചാണ് ക്രമക്കേടുകൾ ആക്ഷേപിക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സഹകരണ യൂണിയനിലേക്കുള്ള നിയമനം പി. എസ്. സി.-ക്ക് വിടാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) സംസ്ഥാന സഹകരണ യൂണിയനിലെ നിയമനം സംബന്ധിച്ച് വ്യവസ്ഥകൾ വിശദമാക്കുമോ;

(ഇ) ഇപ്പോൾ നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ഏത് ഏജൻസിയെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ; ഏതെല്ലാം തസ്തികളിൽ ആരെയെല്ലാം ഇതിനകം നിയമിക്കുകയുണ്ടായെന്ന് വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സഹകരണ സ്ഥാപനമല്ല. സഹകരണ വിദ്യാഭ്യാസ സ്ഥാപനമാണ്. സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നിരവധി സഹകരണ സംഘങ്ങളുടെ നിയമനവും പി. എസ്. സി.-ക്ക് വിട്ടിട്ടില്ല.

(ഡി) ഉദ്യോഗാർത്ഥിക്ക് അപേക്ഷ ക്ഷണിക്കുന്ന വർഷത്തിലെ ജൂലായ് മാസം 18 വയസ്സ് തികഞ്ഞിരിക്കുകയും 37 വയസ്സ് തികയാതിരിക്കുകയും ചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃതമുള്ള വയസ്സിളവ് ലഭിക്കുന്നതാണ്. പ്രചുരപ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിലും യൂണിയൻ പ്രസിദ്ധീകരണമായ കേരള സഹകരണ ജേർണലിലും പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമപ്രകാരം എഴുത്തു പരീക്ഷയും

LIBRARY ARCHIVES Kerala Legislative Assembly

വാചാ പരീക്ഷയും നടത്തി യൂണിയന്റെ റിക്രൂട്ട്മെന്റ് ആന്റ് ഡിസിപ്ലിനറി കമ്മിറ്റി തയ്യാറാക്കി, മാനേജിംഗ് കമ്മിറ്റി അംഗീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്.

(ഇ) എഴുത്തു പരീക്ഷ നടത്തുന്നതിന് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിലുള്ള അഗ്രികൾച്ചറൽ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് ചുമതലപ്പെടുത്തിയത്. നിയമിച്ചവരുടെ പേരുവിവരങ്ങൾ താഴെപ്പറയുന്നു.

സഹായക് തസ്തിക

1. ബി. അജിത്‌ലാൽ
2. പി. ഹരീന്ദ്രൻ
3. സി. വി. പ്രകാശൻ
4. എസ്. കുമാരി ഗീത
5. ജി. ആനന്ദ്
6. പി. രാമചന്ദ്രൻ
7. സി. അനിത
8. ജെ. സഫീന
9. എൻ. പി. മാധവൻ
10. രജിമാത്യു
11. സി. എസ്. വിനോദ്കുമാർ
12. എം. എസ്. അർച്ചന
13. വി. സന്തോഷ്കുമാർ
14. കെ. പി. സുരേഷ്
15. സി. കെ. ശ്രീധരൻ

സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർ (ഗ്രേഡ്-3)

ജനറൽ

1. എസ്. മനുരാജ്
2. പി. വി. രാജേഷ്
3. പി. അശോകൻ
4. പി. സുരേന്ദ്രൻ
5. പി. ഗിരീഷ് കുമാർ
6. കെ. രാജേഷ്

വനിത

1. പി. കെ. ബിന്ദു
2. എ. ജെ. നിഷ
3. വി. ജി. ലിജിമോൾ

GPM. 2/255/2012—7

LIBRARY ARCHIVES Kerala Legislative Assembly

4. പി. കെ. സിന്ധു
5. എസ്. സലീന
6. എം. സീമ
7. ആർ. മണി

അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം

*17 [620] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
,, *പിരപ്പൻകോട് മുരളി:*
,, *എ. സി. മൊയ്തീൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള അടിസ്ഥാനയോഗ്യതയിൽ കമ്പ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അദ്ധ്യാപക തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് കമ്പ്യൂട്ടർ വിജ്ഞാനത്തിൽ മിനിമം യോഗ്യത ഉണ്ടായിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിലുള്ള എല്ലാ അദ്ധ്യാപകർക്കും കമ്പ്യൂട്ടർ പരിശീലനം കൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) & (ബി) ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് കമ്പ്യൂട്ടർ വിജ്ഞാനം യോഗ്യതയാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നിലവിലുള്ള എല്ലാ ഹൈസ്ക്കൂൾ അദ്ധ്യാപകർക്കും ഐ. ടി. @ സ്കൂൾ പദ്ധതി മുഖേന കമ്പ്യൂട്ടർ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആകെ ഉള്ള 53460 ഹൈസ്ക്കൂൾ അദ്ധ്യാപകരിൽ 34187 ഹൈസ്ക്കൂൾ അദ്ധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞു. മറ്റുള്ള അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതാണ്.

പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം

*18 [621] *ശ്രീ. എം. വി. ജയരാജൻ:*
,, *മത്തായി ചാക്കോ:*
,, *രാജു എബ്രഹാം:*
,, *പി. സി. ജോർജ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly